**F 7234** (Pages : 3) Reg. No.................................

Name.....................................

# FIVE YEAR INTEGRATED B.A., LL.B./B.Com., LL.B. (HONOURS) DEGREE EXAMINATION, MARCH 2022

## Fifth Semester

Common to B.A. LL.B. (H), and B.Com., LL.B. (H)

FM 11–Additional Language—MALAYALAM – Paper II

(2018 Admissions–Regular)

Time : Three Hours Maximum : 75 Marks

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

ദക്ഷിണേന്ത്യയിലെ പ്രധാന ശാസ്ത്രീയ സംഗീത ശാഖയാണ് കർണ്ണാടക സംഗീതം. മറ്റ് ഇന്ത്യൻ ശാസ്ത്രീയ സംഗീത ശാഖകളെപ്പോലെ രാഗവും താളവുമാണ് കർണ്ണാടക സംഗീതത്തിന്റെയും അടിസ്ഥാനം. പുരന്ദരദാസനാണ് കർണാടക സംഗീതത്തിന്റെ പിതാവായി അറിയപ്പെടുന്നത്. സ്വരാവലി, അലങ്കാരം എന്നീ പാഠങ്ങളും മായാമാളവഗൗള എന്ന രാഗവും അദ്ദേഹമാണ് അവതരിപ്പിച്ചത്. ശ്യാമശാസ്ത്രികൾ, മുത്തുസ്വാമി ദീക്ഷിതർ, ത്യാഗരാജൻ എന്നിവർ കർണാടക സംഗീതത്തിലെ ത്രിമൂർത്തികളായി അറിയപ്പെടുന്നു. കർണാടക സംഗീതത്തിൽ സ്ത്രീകളിൽ ത്രിമൂർത്തികളായി അറിയപ്പെടുന്നത് എം.എൽ. വസന്തകുമാരി, എം.എസ്. സുബ്ബലക്ഷ്മി, ഡി.കെ. പട്ടമ്മാൾ എന്നിവരാണ് ഈ സംഗീതവിഭാഗത്തെക്കുറിച്ച് ആധികാരികമായി മനസ്സിലാക്കാൻ സഹായിക്കുന്ന കൃതികൾ സംഗീത സമ്പ്രദായ പ്രദർശിനി, (സുബ്രഹ്മണ്യ ദീക്ഷിതർ) സംഗീത ചന്ദ്രിക, (മാണിക്ക മുതലിയാർ) നാട്യശാസ്ത്രം (ഭരതമുനി) സംഗീതസുധ (ഗോവിന്ദ ദീക്ഷിതർ) എന്നിവയാണ്. മറ്റേതൊരു സംഗീത ശാഖയിലും കാണാൻ കഴിയാത്ത താള വൈവിധ്യങ്ങളാണ് കർണ്ണാടക സംഗീതത്തിലുള്ളത്. സപ്ത താളങ്ങൾ എന്നറിയപ്പെടുന്ന ധ്രുവതാളം, മഠ്യതാളം, ത്സംപതാളം, രൂപകതാളം, അടതാളം, തൃപുടതാളം, ഏകതാളം എന്നീ ഏഴു താളങ്ങളാണ് കർണ്ണാടക സംഗീതത്തിലെ അടിസ്ഥാന താളങ്ങൾ.

(a) കർണ്ണാടക സംഗീതത്തിന്റെ പിതാവായി അറിയപ്പെടുന്നത് ആരാണ് ?

(b) നാട്യശാസ്ത്രം എന്ന കൃതിയുടെ കർത്താവ്.

(c) കർണാടക സംഗീതത്തിൽ ത്രിമൂർത്തികളായി അറിയപ്പെടുന്ന സ്ത്രീകൾ ആരൊക്കെ ?

(d) മായാമാളവഗൗള എന്ന രാഗം ചിട്ടപ്പെടുത്തിയത് ആരാണ് ?

(e) സംഗീത ചന്ദ്രിക ആരുടെ കൃതിയാണ് ?

(5 × 1 = 5 marks)

Turn over

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക :

(a) കാലാവസ്ഥാ വ്യതിയാനം.

(b) ഇന്ത്യൻ ഭരണഘടന.

III. കത്തെഴുതുക : (1 × 10 = 10 marks)

ബാലവേലയുടെ അപകടങ്ങളെക്കുറിച്ച് ബാലാവകാശ കമ്മീഷന് ഒരു കത്ത് തയ്യാറാക്കുക.

IV. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക : (1 × 10 = 10 marks)

(a) ജഗദീശ്വരൻ.

(b) ഉല്ലാസം.

(c) നിങ്ങൾ.

(d) തിരുവോണം.

(e) പൊടിയരി.

V. വിപരീതപദം എഴുതുക : (5 × 1 = 5 marks)

(a) അണിയം.

(b) ആന്തരം.

(c) ഉചിതം.

VI. പര്യായം എഴുതുക : (3 × 1 = 3 marks)

(a) വായു.

(b) ആശ.

VII. ശരിയായ പദം തെരഞ്ഞെടുക്കുക : (2 × 2 = 4 marks)

(a) ആഢംബരം — ആഡംബരം.

(b) ഉച്ഛിഷ്ഠം — ഉച്ഛിഷ്ടം.

(c) ഐക്യരൂപം — ഐകരൂപം.

VIII. നാനാർത്ഥം എഴുതുക : (3 × 1 = 3 marks)

(a) അങ്കുരം.

(b) അംഗം.

(2 × 2 = 4 marks)

IX. അർത്ഥവ്യത്യാസം എഴുതുക :

(a) കപാലം.

(b) കപോലം.

(2 × 2 = 4 marks)

X. ഒറ്റപദമെഴുതുക :

(a) കൃഷിയെ സംബന്ധിച്ചത്.

(b) ചിരകാലം ജീവിച്ചിരിക്കുന്നവൻ.

(2 × 1 = 2 marks)

XI. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

(a) സ്വന്തം ലേഖകൻ എന്ന നാടകത്തിന്റെ പ്രമേയം ചർച്ച ചെയ്യുക.

(b) വ്യക്തിയുടെ സംഘർഷവും സങ്കീർണ്ണതയും കാവ്യാത്മകമായ രീതിയിൽ ചിത്രീകരിച്ച നോവലാണ് ഒരു സങ്കീർത്തനം പോലെ—ആശയം വിശദമാക്കുക.

(c) അച്ഛനും മകളും എന്ന കവിതയെ മുൻനിർത്തി വള്ളത്തോളിന്റെ ഭാഷാപരമായ സവിശേഷതകൾ വിലയിരുത്തുക.

(d) പ്രേമസംഗീതം എന്ന കവിതയിലെ തത്വചിന്തകൾ സംഗ്രഹിക്കുക.

(e) ചെറുകഥയുടെ അടിസ്ഥാന പ്രമാണങ്ങൾ വിശദമാക്കുന്ന കൃതിയാണ് ചെറുകഥ ഇന്നലെ ഇന്ന് —വിശദീകരിക്കുക.

(f) കാപ്പിരികളുടെ നാട്ടിൽ എന്ന യാത്രാവിവരണ കൃതിയുടെ പ്രത്യേകതകൾ വിലയിരുത്തുക.

(g) വീണപൂവ് എന്ന കാവ്യത്തിന് പഠനം തയ്യാറാക്കുക.

(h) ആധുനിക കവിത്രയത്തെ വിലയിരുത്തുക.

(5 × 5 = 25 marks)